**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **28-01-2026 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ വൈദ്യുത വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള പ്രധാന പദ്ധതികളെന്തെല്ലാമാണെന്നും അവയ്ക്കായി ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പ് വരുത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. പദ്ധതിയായ ദ്യുതി 2.0, കേന്ദ്ര ആവിഷ്കൃത പദ്ധതിയായ Revamped Distribution Sector Scheme (RDSS), എംപി ലാഡ് (MP LAD), പി പി എസ് (PPS) പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാറിന്റെ കാലത്ത് വാമനാപുരം മണ്ഡലത്തിൽ വിവിധ സെക്ഷനുകളിലായി വർക്കുകൾ നടന്നുവരുന്നു.<br><br>മേൽ പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തികൾക്കായി അനുവദിച്ച തുക, നിലവിലെ സ്ഥിതി തുടങ്ങിയവയുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.<br><br>വാമനപുരം നിയോജക മണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 3,46,50,000/- രൂപ ചെലവിൽ 770 kW സ്ഥാപിത ശേഷിയിൽ 6 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന 2,51,010/- രൂപ ചെലവിൽ 9 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>വാമനപുരം നിയോജക മണ്ഡലത്തിൽപെടുന്നതും വൈദ്യുതി വകുപ്പിന് കീഴിൽ വരുന്നതുമായ പാലോട് 110 കെ.വി. സബ്സ്റ്റേഷൻ 66 കെ.വി.-യിൽ നിന്നും 110 കെ.വി. ആയി ഉയർത്തുന്ന ജോലികൾ പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ ആകെ തുക – 17.52 കോടി രൂപ.<br><br>**അനെർട്ട്**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ 16 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഗ്രിഡ് ബന്ധിത സൗരോർജ്ജ** നിലയം സ്ഥാപിക്കുവാൻ 8,02,735/- രൂപയും 5 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഓഫ് **ഗ്രിഡ് സൗരോർജ്ജ** നിലയം സ്ഥാപിക്കുവാൻ 6,21,600/- രൂപയും 3 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന **ഹൈബ്രിഡ് സൗരോർജ്ജ** നിലയം സ്ഥാപിക്കുവാൻ 4,60,890/- രൂപയും ഉൾപ്പെടെ ആകെ 18,85,225/- രൂപ ചെലവഴിച്ചു. |

| ക്രമ. നം. | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക | ഇനം |
|---|---|---|---|
| 1 | വാമനപുരം ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത ഹൈബ്രിഡ് സൗരോർജ്ജ പവർ പ്ലാന്റ് | Rs. 4,60,890/- | ഹൈബ്രിഡ |
| 2 | പാങ്ങോട് ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 5 kW ഓഫ് ഗ്രിഡ് സൗരോർജ്ജ പവർ പ്ലാന്റ് | Rs. 6,21,600/- | ഓഫ് ഗ്രിഡ |
| 3 | ഭരതന്നൂർ ഗവ. എൽ.പി.സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 1,84,152/- | ഓൺ ഗ്രിഡ |
| 4 | പുളിമാത്ത് ഗവ. എൽ.പി.സ്കൂളിൽ സ്ഥാപിച്ച 3 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 1,70,110/- | ഓൺ ഗ്രിഡ |
| 5 | നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 10 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 4,48,473/- | ഓൺ ഗ്രിഡ |

**എനർജി മാനേജ്മെന്റ് സെന്റർ**

- നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത പുല്ലംബാറ പഞ്ചായത്തിലെ 25 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 25 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി രൂപ 2,34,825/- ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.
- തിരുവനന്തപുരം ജില്ലയിലെ വാമനപുരം വെഞ്ഞാറമൂട് നിയോജക മണ്ഡലത്തിലെ സ്ഥാപനങ്ങളുടെ ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി മണ്ഡലത്തിലെ 135 സർക്കാർ കെട്ടിടങ്ങളുടേയും ഊർജ്ജ ഓഡിറ്റ് പൂർത്തീകരിക്കുകയും തിരഞ്ഞെടുത്ത 31 സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലെ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ 82 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകളും 265 ബി.ഇ.ഇ. 5 സ്റ്റാർ റേറ്റഡ് ബി.എൽ.ഡി.സി. ഫാനുകളും 36 എൽ.ഇ.ഡി.

| | | | |
|---|---|---|---|
| | | | ബൾബുകളും സ്ഥാപിച്ചു. കൂടാതെ നിയോജകമണ്ഡലത്തിലെ 7 ട്രൈബൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കൂടിയ 113 ബി.ഇ.ഇ. 5 സ്റ്റാർ റേറ്റഡ് ഫാനുകൾ നൽകുകയും ചെയ്തു. 135 സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനും 38 സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി 16,04,139/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പൂർത്തിയാക്കിയ പ്രവൃത്തികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രധാനപ്പെട്ട പ്രവൃത്തികൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 | 165 | 1840 | LT ലൈൻ റീകണ്ടക്ടറിങ് - 34.644 km,<br>LT ലൈൻ നിർമ്മാണം - 20.9 km,<br>HT ലൈൻ റീകണ്ടക്ടറിങ് - 10.045 km<br>HT ലൈൻ നിർമ്മാണം - 12.343 km<br>ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ - 7 എണ്ണം, പുതിയ ട്രാൻസ്ഫോർമർ - 13 എണ്ണം. |
| 2 | RDSS | 2 | 528 | HT ലൈൻ റീകണ്ടക്ടറിങ് (24 km). |
| 3 | MP LAD | 2 | 18.25 | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ പ്രവൃത്തികൾ. |
| 4 | PPS | 3 | 36.91 | നെടുമങ്ങാട്/പാലോട് സെക്ഷനുകളിൽ സ്ട്രീറ്റ് മെയിൻ കൂട്ടിച്ചേർക്കുന്ന പ്രവൃത്തികൾ. |

**പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ**

നിലവിൽ പുരോഗതിയിലുള്ളതോ വരാനിരിക്കുന്നതോ ആയ പ്രവൃത്തികളുടെ വിവരങ്ങൾ:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | പ്രധാനപ്പെട്ട പ്രവൃത്തികൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 | 76 | 1203 | LT ലൈൻ റീകണ്ടക്ടറിങ് - 35.61 km,<br>LT ലൈൻ നിർമ്മാണം - 1.1 km,<br>HT ലൈൻ റീകണ്ടക്ടറിങ് - 14.25 km<br>HT ലൈൻ നിർമ്മാണം - 2.442 km. |